# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025–26





## സെന്റ് ജൂഡ് ഹയർ സെക്കന്ററി സ്കൂൾ

**മുഖത്തല, കൊല്ലം–691577.**

**സ്കൂൾ കോഡ് : 41043**

# സെന്റ് ജൂഡ് ഹയർ സെക്കന്ററി സ്കൂൾ

## മുഖത്തല, കൊല്ലം

# *സ്കൂൾ മാസ്റ്റർ പ്ലാൻ*

# *2025 – 2026*

*സ്കൂളിന്റെ മികവുകൾ...*

- *എല്ലാ കുട്ടികൾക്കും സമഗ്രവും സമ്പൂർണവുമായ വിദ്യാഭ്യാസം*
- *ഗുണമേന്മയുള്ള നവീന വിദ്യാസമ്പാദനം*
- *കലാ-കായിക-ശാസ്ത്രമേഖലകളിലെ ഔന്നത്യം*
- *മികച്ച അധ്യയനരീതി*
- *ആത്മീയവും ധാർമ്മികവുമായ വ്യക്തിത്വ രൂപീകരണം*

# അവതാരിക

സെന്റ് ജൂഡ് ഹയർ സെക്കന്ററി സ്കൂളിന്റെ മാസ്റ്റർ പ്ലാൻ വളരെ ശ്രദ്ധയോടെ വിപുലമായരീതിയിൽ രൂപീകരിക്കപ്പെട്ടു. വികസനവുമായി ബന്ധപ്പെട്ട ഭൗതികവും അക്കാദമികവും സാമൂഹികവുമായ എല്ലാ പ്രവർത്തനങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവ പ്രാവർത്തികമാക്കി ഈ സ്കൂൾ ഉയർച്ചയുടെ ഉന്നതിയിലേക്ക് വളർത്താവുന്നതാണ്.

# ഉള്ളടക്കം


| ക്രമനമ്പർ | ഉള്ളടക്കം | പേജ് നമ്പർ |
|---|---|---|
| 1. | ആമുഖം | 1 |
| 2. | ലക്ഷ്യം, സ്കൂളിന്റെ ലഘുചരിത്രം | 2 |
| 3. | വിദ്യാലയം മികവിന്റെ കേന്ദ്രം | 3 |
| 4. | രൂപീകരണപ്രക്രിയ | 4 |
| 5. | നിലവിലുള്ള അവസ്ഥാവിശകലനം | 5 |
| 6. | മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ | 6 |
| 7. | പദ്ധതി വിശദാംശങ്ങൾ | 7–10 |
| 8. | പ്രതീക്ഷിതനേട്ടം, മോണിറ്ററിംഗ് രീതി | 11 |
| 9. | ഉപസംഹാരം | 12 |

## 1. ആമുഖം

ആഗോള കത്തോലിക്കാസഭയിലെ പ്രമുഖ സന്യാസ സമൂഹങ്ങളിൽ ഒന്നായ കപ്പൂച്ചിൻ സഭയുടെ ഉടമസ്ഥതയിൽ 1965-ൽ ബഹുമാന്യനായ കത്ബർട്ട് കാളിയാനിയിൽ അച്ചനാൽ സ്ഥാപിതമായ കലാലയമാണ് ഇന്നത്തെ സെന്റ് ജൂഡ് ഹയർസെക്കൻഡറി സ്കൂൾ.

സെന്റ് ജൂഡ് സ്കൂൾ മുഖത്തല ഗ്രാമത്തിൽ അൻപതിൽപരം വർഷങ്ങളായി അക്ഷരമുറ്റം തീർക്കുന്നു. ഉന്നത മൂല്യങ്ങൾ സമ്മാനിക്കുന്ന ഈ കലാലയത്തിൽ അഞ്ചുമുതൽ പ്ലസ്ടു വരെയുള്ള കുട്ടികളാണ് പഠിക്കുന്നത്. എസ്.എസ്.എൽ.സി പരീക്ഷാഫലം എന്നും നൂറുമേനിമികവിലാണ്. ഇവിടെ പഠിച്ചിറങ്ങുന്നവർ സമൂഹത്തിന്റെ ഉന്നതശ്രേണിയിൽ എന്നും തിളക്കമാർന്നു പ്രശോഭിക്കുന്നു. കൊല്ലത്തിന്റെ അഭിമാനമായ ഈ തറവാടിന് നിറം പകരാൻ ആയിരത്തിഅഞ്ഞൂറോളം കുട്ടികളും അൻപതോളം അദ്ധ്യാപകരുമുണ്ട്.

## 2. ലക്ഷ്യം

സ്കൂളിലെ എല്ലാ കുട്ടികൾക്കും ഉന്നതവിദ്യാഭ്യാസനിലവാരവും കഴിവും ഉണ്ടാകത്തക്കവിധത്തിലുള്ള പാഠ്യപ്രവർത്തനങ്ങളും പാഠ്യേതരപ്രവർത്തനങ്ങളും അധ്യാപകരും രക്ഷിതാക്കളും ചേർന്ന് നടപ്പിലാക്കും. ഇതിന് വേണ്ടിയുള്ള ആസൂത്രണപ്രവർത്തനങ്ങൾ രൂപപ്പെടുത്തും. ക്ലാസ്സ് പി.ടി.എ, കോർണർ പി.ടി.എ, പൂർവ്വവിദ്യാർത്ഥിസംഗമം എന്നിവ വിളിച്ചുകൂട്ടി സ്കൂളിന്റെ നിലവാരം ഉയർത്താൻ ശ്രമിക്കും. മാസം തോറും സാംസ്കാരികസമ്മേളനങ്ങളും കലാകായികപ്രവർത്തനങ്ങളും ലഹരിവിരുദ്ധ അവബോധസെമിനാറുകളും ക്ലാസ്സുകളും ആസൂത്രണം ചെയ്യും. ഈ സ്കൂളിൽ മികച്ച വിദ്യാഭ്യാസം ലഭ്യമാകുന്നു എന്ന ബോധം മാതാപിതാക്കളിൽ ഉണ്ടാകത്തക്ക രീതിയിൽ സ്കൂളിന്റെ അക്കാദമിക നിലവാരം വീണ്ടും ഉയർത്തും. അതിനായി സ്വീകരിക്കുന്ന നിലപാടുകൾ:

- സമ്പൂർണവിജയം എന്ന ലക്ഷ്യം
- ഗുണമേന്മയുള്ള നവീന വിദ്യാസമ്പാദനം
- നിലവാരമുള്ള പെരുമാറ്റശൈലി രൂപീകരണം
- സാഹോദര്യം, സമത്വം സ്വാതന്ത്ര്യം, നീതി ബോധം ഇവയുടെ ഏകീകരണം.
- കഴിവുകൾ തിരിച്ചറിയുക, അവ വളർത്തുക.
- കലാ, കായിക, ശാസ്ത്രമേഖലകളിലെ ഔന്നത്യം.
- ആത്മീകവും, ധാർമ്മികവുമായ വ്യക്തിത്വ വളർച്ച.
- ആശയവിനിമയശേഷി
- ഗവേഷണാത്മക അധ്യാപനം, പഠനം
- സ്കൂൾ ഭൗതികസൗകര്യം വർദ്ധിപ്പിക്കുക
- വൈവിധ്യമാർന്ന പഠനതന്ത്രം രൂപീകരിക്കുക, പ്രയോജനപ്പെടുത്തുക
- കാർഷിക സംസ്കാരരൂപീകരണം
- മാലിന്യനിർമ്മാർജ്ജനം ജീവിതഭാഗമാക്കുക
- മദ്യപാനം, ലഹരിവസ്തുക്കളുടെ ഉപയോഗം പുതിയ തലമുറയിൽനിന്നും ഒഴിവാക്കുന്ന തരത്തിലുള്ള ഇടപെടൽ
- കുട്ടികൽക്ക് ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യം ഉറപ്പാക്കുക.

## 3. വിദ്യാലയം മികവിന്റെ കേന്ദ്രം

നവകേരളവിഷന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച പൊതുവിദ്യാഭ്യാസസംരക്ഷണ യജ്ഞം ഫലപ്രാപ്തിയിലെത്തിക്കുന്നതിന്റെ മുന്നോടിയായി എല്ലാ വിദ്യാലയങ്ങളിലും ദീർഘകാലകാഴ്ചപ്പാടോട്കൂടിയ സമഗ്രഗുണമേന്മാവിദ്യാലയ വികസനസമിതി രൂപീകരിക്കണം. സമഗ്രകേരളവികസനത്തിന്വേണ്ടി 5 വർഷം കൊണ്ട് മാനേജ്മെന്റ് പൂർത്തിയാക്കുന്ന കർമപദ്ധതികൾ പ്രഖ്യാപിച്ചുകൊണ്ട് 2025-26 അധ്യയനവർഷം തുടക്കം കുറിച്ചു.

## വിദ്യാഭ്യാസസംരക്ഷണയജ്ഞത്തിന്റെ ലക്ഷ്യങ്ങൾ

ഹയർസെക്കന്ററിയിലെ ഓരോ ക്ലാസ്സിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും അന്താരാഷ്ട്രനിലവാരമുള്ള ധാരണകളും നൈപുണികളും കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുന്നു. പഠനവിഷയങ്ങളിൽ ആശയദൃഢത ഉണ്ടാക്കുന്നു. കണക്ക്, സയൻസ്, ഐ.ടി എന്നീ വിഷയങ്ങളിൽ ധാരണയും കഴിവും നേടുക. പാഠ്യേതരവിഷയങ്ങളിൽ വൈവിധ്യവും ആർജവും നേടുന്നു. സാമൂഹ്യരംഗത്തെ ധാരണ, പരിസ്ഥിതിജ്ഞാനം, തുടങ്ങിയവ കൈവരിക്കുന്നു. ഓരോ കുട്ടിയും ചുരുങ്ങിയത് മൂന്ന് ഭാഷകളിലെങ്കിലും ഭാഷാജ്ഞാനവും ആശയവിനിമയശേഷിയും നേടുന്നു. ആരോഗ്യപരമായ അവസ്ഥ സൃഷ്ടിക്കുന്നു. കുട്ടിയുടെ കഴിവ് കേവലം വിഷയപഠനത്തിൽ ഒതുക്കാതെ സർഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്നതരത്തിൽ സമഗ്രപഠനം ലക്ഷ്യമാക്കുക വഴി യഥാർത്ഥവിദ്യാഭ്യാസലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന് ഉറപ്പ് വരുത്തുന്നു.

അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പ് വരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങൾ വിദ്യാലയങ്ങളിൽ കൂടുതലായി എത്തിക്കുന്നു. ഉന്നതനിലവാരത്തിലുള്ള അധ്യാപനം ഉറപ്പാക്കത്തക്കരീതിയിൽ കാര്യക്ഷമമായ അധ്യാപകപരിശീലനം ഉറപ്പ് വരുത്തുന്നു. കാർഷികസംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുന്നു. മാലിന്യനിർമാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുന്നു. മദ്യപാനം, മയക്കുമരുന്ന് എന്നിവയുടെ വർദ്ധിച്ചുവരുന്ന ഉപയോഗം പുതിയ തലമുറയിൽ നിന്ന് ഒഴിവാക്കാനാവുന്ന തരത്തിൽ ഇടപെടലുകൾ, പ്ലാസ്റ്റിക് വിമുക്ത, കീടനാശിനി വിമുക്ത, ലഹരിവിമുക്ത കാമ്പസുകൾ സൃഷ്ടിക്കുന്നു. പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണനകൾ നൽകി മുഖ്യാധാരയിലെത്തിക്കുന്നു. വിദ്യാഭ്യാസത്തിന്റെ ജനാധിപത്യവത്കരണം അർഥപൂർണമാക്കുന്നു. സ്കൂൾ കുട്ടികൾക്ക് കൗൺസിലിങ് സൗകര്യങ്ങൾ നിലവിലുള്ളത് പരിഷ്കരിക്കുന്നു. പിന്നോക്കം നിൽക്കുന്ന ഉന്നതപഠനശേഷിയുള്ള കുട്ടികൾക്ക് ഫീ ഇളവ് ലഭ്യമാക്കുന്നു.

## 4. രൂപീകരണപ്രക്രിയ

സ്കൂൾ മാനേജ്മെന്റിന്റെയും മാതാപിതാക്കളുടെയും പൂർവ്വവിദ്യാർത്ഥി സംഘടനയുടെയും സഹായത്തോടെ മുൻവർഷങ്ങളിൽ സ്കൂളിന്റെ ഭൗതികവും അക്കാദമികവുമായ നിലവാരം മെച്ചപ്പെടുത്താൻ കഴിഞ്ഞു. സ്കൂൾ കെട്ടിടങ്ങൾ നല്ല രീതിയിൽ ഭൗതികസൗകര്യങ്ങൾ ഒരുക്കി പ്രയോജനപ്പെടുത്തുന്നു. ശുദ്ധജലലഭ്യത ഉറപ്പാക്കി. കുട്ടികളുടെ ഭവനങ്ങൾ സന്ദർശിക്കുന്നു, കുട്ടികളെ അടുത്തറിയുന്നു. സാമൂഹിക-സാമ്പത്തിക പശ്ചാത്തലം മനസ്സിലാക്കുന്നു. 2001 മുതൽ ഹയർസെക്കന്ററി കോഴ്സ് പുതിയ ഹയർ സെക്കന്ററി ബ്ലോക്കിൽ ആരംഭിച്ചു. മാനേജ്മെന്റിന്റെ സഹായത്തോടെ കമ്പ്യൂട്ടർ ലാബും സെമിനാർ ഹാളും പുതുതായി നിർമ്മിച്ചു. 15-ൽപ്പരം കമ്പ്യൂട്ടറുകൾ ലഭ്യമാക്കിക്കൊണ്ട് ഐ.സി.ടി പഠനം സുഗമമാക്കാൻ കഴിഞ്ഞു. സ്കൂളിൽ ഇന്റർനെറ്റ് കണക്ഷൻ നിലവിലുണ്ട്. കൂടാതെ കുട്ടികൾക്കായി രണ്ട് പ്രൊജക്റ്റർ ലഭ്യമാക്കി. സയൻസ് വിഷയങ്ങൾക്ക് വിവിധ ലാബുകൾ ക്രമീകരിക്കപ്പെട്ടു. അതീന്റെ നവീകരണം ലക്ഷ്യമിടുന്നു. പിടിഎയുടേയും നാട്ടുകാരുടേയും പൂർവവിദ്യാർത്ഥികളുടേയും കൂട്ടായ്മ ഉണ്ടെങ്കിൽ സ്കൂളിന്റെ നിലവാരം മെച്ചപ്പെടുത്താനും കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കാനും കഴിയുമെന്ന് പ്രത്യാശിക്കുന്നു.

- Subject Council, Subject department ഫലപ്രദമായി പ്രവർത്തിക്കുന്നു., പഠനനേട്ടങ്ങൾ വിശകലനം ചെയ്യുന്നു.
- അവസരസമത്വം, സാമൂഹികനീതി ഉറപ്പുവരുത്തുന്നു.
- രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണക്ലാസ്സ് നടപ്പിലാക്കുന്നു.
- ലൈംഗികചൂഷണം, അതിക്രമം ഇവയ്ക്കെതിരെ ജാഗ്രതസമിതി രൂപീകരണം, വിദഗ്ധരെ ഉപയോഗിച്ച് ക്ലാസ്സുകൾ നൽകുന്നു.

## 5. നിലവിലുള്ള അവസ്ഥാവിശകലനം

| ഇനം | നിലവിലുള്ളത് | ഇനിയും ആവശ്യമുള്ളത് |
|---|---|---|
| **അക്കാദമികം**<br>ഭാഷാപഠനം | ആകെ കുട്ടികളിൽ 98% പേർക്ക് മലയാളം എഴുതാനും വായിക്കാനും കഴിയും. | മൊത്തം കുട്ടികളിൽ 2% പേരെ മലയാളം എഴുതാനും വായിക്കാനുമുള്ള ശേഷി നേടിയെടുക്കാൻ വേണ്ട പ്രവർത്തനങ്ങൾ ചെയ്യണം. |
| ഗണിതം | ആകെ കുട്ടികളിൽ 90% പേർക്ക് ഗണിതത്തിന്റെ അടിസ്ഥാനസൗകര്യങ്ങൾ നേടിയെടുത്തിട്ടുണ്ട്. | 10% കുട്ടികളെ ഗണിതശേഷി നേടിയെടുക്കുവാൻ വേണ്ട പ്രവർത്തനങ്ങൾ കൊടുക്കണം., |
| ഇംഗ്ലീഷ് | എല്ലാ കുട്ടികൾക്കും പേർക്ക് ഇംഗ്ലീഷ് എഴുതാനും വായിക്കാനും കഴിയും. | |
| **പഠനപിന്തുണ-ക്ലാസ്സ്** | 5, 6, 7 ക്ലാസ്സുകളിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് എല്ലാ ദിവസവും രാവിലെ 8.30 മുതൽ 9.15 വരെ പഠനപിന്തുണ ക്ലാസ്സ് നൽകി വരുന്നു. | |
| **ഭൗതികം**<br>സ്മാർട്ട് ക്ലാസ് മുറി | മൊത്തം ക്ലാസ്മുറികളിൽ രണ്ട് ക്ലാസ്മുറികൾ സ്മാർട്ട് ക്ലാസ്സ് ആക്കി കഴിഞ്ഞു. | കൂടുതൽ ക്ലാസ് മുറികൾ സ്മാർട്ട് ക്ലാസ്സ് ആക്കിമാറ്റുവാനുള്ള പദ്ധതി തുടരുന്നു. |
| ജൈവവൈവിധ്യ ഉദ്യാനം | മനോഹരമായ പൂക്കൾ പിടിക്കുന്ന ചെടികൾ ഉൾപ്പെടുന്ന ഉദ്യാനവും വിവിധ ഇനം പച്ചക്കറികൾ ലഭ്യമാക്കുന്ന പച്ചക്കറി-തോട്ടവും നിലവിലുണ്ട്. | പുതിയ ചെടികളും പച്ചക്കറികളും വച്ച് ജൈവവൈവിധ്യഉദ്യാനം വികസിപ്പിക്കണം. |

## 6. മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ഭാഷാശേഷി വികസനം | ഡിജിറ്റൽക്ലാസ്മുറികൾ | പി.ടി.എ ശക്തിപ്പെടുത്തൽ |
| ഗണിതശേഷിവികസനം | സ്റ്റാഫ്മുറി | വിദ്യാലയവികസനസമിതി |
| ഇംഗ്ലീഷ് പഠനപരിപോഷണം | വിശ്രമമുറി | ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ |
| വായനാപരിപോഷണം | മൾട്ടിമീഡിയ റൂം | പൂർവ്വാധ്യാപകർ, സഹകരണസ്ഥാപനങ്ങൾ, വ്യവസായഗ്രൂപ്പുകൾ, എന്നിവയുടെ സേവനം പ്രയോജന പ്പെടുത്തൽ ക്ലാസ് -പിടിഎ മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ വിദ്യാലയവിഭവങ്ങൾ സമൂഹത്തിന് കൂടി പ്രയോജന പ്പെടുത്തൽ |
| ലൈബ്രറി ശാക്തീകരണം | ഡൈനിംഗ്ഹാൾ | |
| ജൈവവൈവിധ്യപാർക്ക് | സെമിനാർ ഹാൾ | |
| ഐ.ടി.പരിശീലനം | കുടിവെള്ളവിതരണം | |
| ക്ലാസ് പിടിഎ സജീവമാക്കൽ | വേസ്റ്റ് മാനേജ്മെന്റ് | |
| സ്കൂൾ പത്രം/ മാസിക | ഹയർസെക്കന്ററി ബ്ലോക്കിന്റെ ടെറസ്സ് റൂഫ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ | |
| പ്രവൃത്തിപരിചയപഠനം | | നല്ലപാഠം പദ്ധതി |
| അധ്യാപക പരിശീലനം | | വിവിധ ചാരിറ്റി പ്രവർത്തനങ്ങൾ |
| പച്ചക്കറിത്തോട്ടം | | ഉല്ലാസയാത്ര |
| അഭിമുഖങ്ങൾ | | |
| ശില്പശാല | | |
| മെഡിക്കൽക്യാമ്പ് | | |
| പോഷകാഹാരപരിപാടി | | |
| ദിനാചരണം | | |
| മെഡിക്കൽ ക്യാമ്പ് | | |
| കായികപഠനം | | |
| രക്ഷകർതൃബോധവൽക്കരണം | | |

## 7. പദ്ധതി വിശദാംശങ്ങൾ

**മേഖല: അക്കാദമികം** **ഉപമേഖല: ഭാഷാശേഷി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മലയാളം എഴുതാനും വായിക്കാനും കഴിവുണ്ടാക്കുക. | മലയാളപത്രങ്ങൾ, പുസ്തകങ്ങൾ, ചിത്രകഥാപുസ്തകങ്ങൾ, ബാലസാഹിത്യങ്ങൾ, എന്നിവ വായിക്കാനവസരം നൽകുന്നു, സഹായിക്കുന്നു. | 10 മാസം | അ ധ്യാ പ ക ർ , രക്ഷിതാക്കൾ | പൂർവ്വ- വിദ്യാർത്ഥി സാമൂഹ്യപ്രവർത്തനം |
| കവിതാലാ- പനത്തിൽ കഴിവ് നേടുക | പ്രശസ്തരായ സാഹിത്യകാരൻമാരുമായി ആസ്വാദനക്ലാസ് പങ്കുവയ്ക്കൽ | 10 മാസം | അധ്യാപകർ, രക്ഷിതാക്കൾ | 7അധ്യാപകർ, രക്ഷിതാക്കൾ |

**മേഖല: അക്കാദമികം** **ഉപമേഖല: ഇംഗ്ലീഷ് ഭാഷ, ഹിന്ദി ഭാഷകൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരി ക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | (1) പഠനനില കണ്ടെത്തി പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു. | ജൂലൈ ആദ്യവാരം | ഇംഗ്ലീഷ് ടീച്ചർ, ഹിന്ദി ടീച്ചർ | 15 കുട്ടികൾക്ക് ഫീ ഇളവ് |
| | (2)പരിമിതികൾ പരിഹരിക്കുന്ന തിനാവശ്യമായ പ്രവർത്തനപാക്കേജ് തയ്യാറാക്കൽ | സെപ്റ്റംബർ 15ന് മുമ്പ് | പ്രഥമാധ്യാപകൻ, ഇംഗ്ലീഷ്ടീച്ചർ, ഹിന്ദി ടീച്ചർ | 10 കുട്ടികൾക്ക് 20 ശതമാനം ഫി ഇളവ് |
| | (3) ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിലുള്ള അസംബ്ലി | ആഴ്ചയിൽ 2 ദിവസം | ക്ലാസ്ടീച്ചർ | |
| | (4) ഇംഗ്ലീഷിലുള്ള ഡയറിക്കുറിപ്പ് | ആഴ്ചയിൽ 2 | ക്ലാസ് ടീച്ചർ | |
| | (5) ഇംഗ്ലീഷ് ക്ലാസ് ലൈബ്രറി വായനാസാമഗ്രികൾ ലഘുവായനാപുസ്തകം പത്രം | ഒക്ടോബർ മുതൽ | പ്രഥമാധ്യാപൻ, ഇംഗ്ലീഷ് അധ്യാപകർ ഹിന്ദി ടീച്ചർ | |
| | (6) പതിപ്പുകൾ മാഗസിനുകൾ | ഒക്ടോബർ- മാർച്ച് | ഇംഗ്ലീഷ് ടീച്ചർ, ഹിന്ദി ടീച്ചർ | |

**മേഖല: ഭൗതികം** **ഉപമേഖല: സ്കൂൾ ഉദ്യാനം, വേസ്റ്റ് ഡിസ്പോസൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ മാനസികവും ആരോഗ്യ-പരവുമായ കഴിവ് വർദ്ധിപ്പിക്കുക, ബുദ്ധിവികാസം ഉണ്ടാക്കുക | സ്കൂളിന്റെ മുൻഭാഗത്ത് കുട്ടികളുടെയും മാനേജ്മെന്റിന്റെയും സഹായത്താൽ ഉദ്യാനം നിർമ്മിക്കുക. | 1 വർഷം | സ്കൂൾ മാനേജ്മെന്റ്, പൂർവ്വവിദ്യാർത്ഥികൾ, പിടിഎ, സ്കൂൾ വികസനസമിതി | 60,000 രൂപ |
| വേസ്റ്റ് മാനേജ്മെന്റ് | നോ ഫ്യുവൽ ഇൻസിനേറ്റർ നിർമ്മിച്ചു. ജൈവമാലിന്യങ്ങൾ നിർമ്മിക്കുന്നതിനുള്ള കമ്പോസ്റ്റ് കുഴി നിർമ്മിക്കുക. | 6 മാസം | സ്കൂൾ മാനേജ്മെന്റ്, പൂർവ്വവിദ്യാർത്ഥികൾ സ്കൂൾ മാനേജ്മെന്റ്, | 1.25 ലക്ഷം രൂപ 2 ലക്ഷം |

**മേഖല: ഭൗതികം** **ഉപമേഖല: സ്കൂൾ കെട്ടിടം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സുരക്ഷിതമായി പഠിക്കാനുള്ള സൗകര്യം ഒരുക്കുക | * Fire & Safety സംവിധാനം<br>* Ramp & Lift നിർമ്മാണം | നിർമിച്ചു | സ്കൂൾ മാനേജ്മെന്റ് | 50 ലക്ഷം രൂപ |
| കുട്ടികളുടെ കാലാ-കായിക പ്രവർത്തനങ്ങളെയു പ്രോത്സാഹിപ്പിക്കുക | സ്കൂൾ ഗ്രൗണ്ടിന്റെ മതിൽ പുനർ നിർമ്മിക്കുന്നതിനും കുട്ടികൾക്ക് ഇരിപ്പിട സംവിധാനം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ | 1 വർഷം | സ്കൂൾ മാനേജ്മെന്റ് | 10 ലക്ഷം രൂപ |

**മേഖല: അക്കാദമികം** **ഉപമേഖല: കമ്പ്യൂട്ടർ പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് പാഠഭാഗങ്ങൾ കമ്പ്യൂട്ടറിന്റെ സഹായത്തോടെ പഠിക്കുന്നതിൽ പ്രാവീണ്യം നേടുക. | സ്കൂളിന് ലാപ്ടോപ്പുകളുടെയും കമ്പ്യൂട്ടറുകളുടെയും എണ്ണം വർദ്ധിപ്പിക്കുക. | 1 വർഷം | സ്കൂൾ മാനേജ്മെന്റ് | 3 ലക്ഷം രൂപ പ്രൊവിൻഷ്യൽ ഫണ്ട് |

## 8. പ്രതീക്ഷിതനേട്ടം

2025-26 അക്കാദമിക വർഷം കൊണ്ട് പി.റ്റി.എ-യുടേയും പൂർവ്വവിദ്യാർത്ഥികളുടെയും സാമൂഹ്യപ്രവർത്തകരുടെയും മറ്റ് അഭ്യൂദയകാംക്ഷികളുടെയും പൂർണ്ണമായ കൂട്ടായ്മയിൽ സ്കൂളിന് പുരോഗതി നേടിയെടുക്കാൻ കഴിയും. കൂടാതെ ഉദ്യാനം, സാങ്കേതിക സംവിധാനങ്ങൾ മുതലായവയുടെ നിർമ്മിതിയിലൂടെ സമൂഹത്തിന്റെ ശ്രദ്ധ നേടുവാനും സ്കൂളിന്റെ സർവ്വോന്മുഖമായ വികസനം കൊണ്ടുവരാനും കഴിയും.

## 9. മോണിറ്ററിംഗ് രീതി

സ്കൂൾ പി.റ്റി.എ-യുടേയും മാനേജ്മെന്റിന്റെയും എസ്.പി.ജിയുടെയും നേതൃത്വത്തിൽ സ്കൂളിൽ നടക്കുന്ന അക്കാദമികവും ഭൗതികവുമായ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനും അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും രക്ഷാകർത്താക്കളുടെയും മറ്റും നിർദ്ദേശപ്രകാരം പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്താനും പൂർത്തീകരിക്കാനും കഴിയും.

**10. ഉപസംഹാരം**

2025-26 അധ്യയനവർഷം പി.റ്റി.എ-യുടേയും പൂർവ്വവിദ്യാർത്ഥികളുടെയും സാമൂഹ്യപ്രവർത്തകരുടെയും മാനേജ്മെന്റിന്റെയും സഹായത്തോടെ സ്കൂളിന്റെ ഭൗതികവും അക്കാദമികവുമായ വികസനം പ്രാപ്തമാക്കാൻ കഴിയും. കുട്ടികളിൽ കാണുന്ന മാനസിക പിരിമുറുക്കങ്ങൾക്ക് കൗൺസിലിംഗ് സമ്പ്രദായം ഏർപ്പെടുത്തി ഉന്നതമൂല്യാധിഷ്ഠിതമായ നവീന വിദ്യാഭ്യാസ ശൈലി രൂപപ്പെടുത്തുവാൻ ലക്ഷ്യമിടുന്നു. അതിലൂടെ വരുംവർഷങ്ങളിൽ സ്കൂളിലേയ്ക്കെത്തുന്ന കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാക്കാൻ കഴിയും.

*അക്കാദമിക മാസ്റ്റർ പ്ലാനിന്റെ ഫെയർകോപ്പി സമർപ്പിക്കുന്നു.*